**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3476** **12-03-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര പച്ചക്കറി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്ര പച്ചക്കറി വികസനം ലക്ഷ്യമാക്കി 2025-2026 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സവിശേഷതകൾ വിശദീകരിക്കാമോ; ഇതിനായി എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ നടപ്പാക്കുന്നതെന്നും വിശദീകരിക്കാമോ? | (എ) | അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുവാൻ ''സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം'' എന്ന പേരിൽ ഒരു ജനകീയ പദ്ധതി ആരംഭിക്കുവാൻ സർക്കാർ തീരുമാനിക്കുകയും വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകി ലക്ഷ്യത്തിലെത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.<br><br>**പദ്ധതിയുടെ ലക്ഷ്യങ്ങൾ**<br><br>1. പച്ചക്കറി ഉത്പാദനത്തിൽ 5 വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത കൈവരിക്കുക<br>2. കാർഷിക മേഖലയിലെ കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള കർഷകക്കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ പങ്കാളികളാക്കുക<br>3. കേരളത്തിലെ പച്ചക്കറി ഉത്പ്പാദനം വർധിപ്പിച്ചു കൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറിയുടെ വരവ് നിയന്ത്രിക്കുക<br>4. ഉത്പാദനവും ഉത്പാദനക്ഷമതയും വിപണിയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക<br>5. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക<br>6. സുസ്ഥിരമായ കാർഷിക വളർച്ചയിലേക്ക് നയിക്കുന്ന പരിസ്ഥിതിസൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.<br>7. സുരക്ഷിത പച്ചക്കറികൾ ലഭ്യമാക്കി ആരോഗ്യകരമായ ഭക്ഷണക്രമവും ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുക |

| | | | |
|---|---|---|---|
| | | | സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം കൃഷി വകുപ്പിനെ കൂടാതെ ആരോഗ്യം, തദ്ദേശ സ്വയം ഭരണം, മൃഗസംരക്ഷണ/ക്ഷീര വികസനം, റവന്യൂ, വ്യവസായം, ഫിഷറീസ്, ജലസേചനം, കായിക യുവജനക്ഷേമം, സാമൂഹ്യക്ഷേമം, വനിത-ശിശുക്ഷേമം/ സാമൂഹ്യനീതി, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗ്ഗം, സഹകരണം മുതലായ വകുപ്പുകളുടെ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാൻ ആണ് ലക്ഷ്യമിടുന്നത് എന്നതിനാൽ വിവിധ വകുപ്പുകളുടെ സമാനമായ പദ്ധതി തുകയിൽ നിന്നും സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തിന്റെ വിവിധ ഘടകങ്ങൾക്ക് തുക കണ്ടെത്തുവാനാണ് ഉദ്ധേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ